പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3700 15.05.2017 ൽ മറുപടിയ്ക്ക്

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ എൻ.ഒ.സി. നല്കമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കുന്നത്; | (എ) | 7.10.2011 ലെ G.O.(Ms) No.202/2011/G.Edn, 7.12.2012 ലെ G.O.(Ms) No. 384/2012/G.Edn എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ എൻ.ഒ.സി. നൽകിവരുന്നത്. |
| (ബി) | സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകൾ പിന്തുടരുന്ന സ്കൂളുകളിൽ അഡ്മിഷൻ ഫീസ് ഇനത്തിലും, അക്കാഡമിക് ഫീസ് ഇനത്തിലും, ടെക്സ്റ്റ് ബുക്ക്, യൂണിഫോം, മറ്റ് പഠനോപകരണങ്ങൾ എന്നിവയുടെ വിലയിനത്തിലും, വൻതുക വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അനഭിലഷണീയമായ പ്രവണതകൾ നിയന്ത്രിക്കുന്നതിന് തയ്യാറാകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകളുമായി ആലോചിച്ച് മേൽപ്പറഞ്ഞ വിഷയങ്ങളിലെല്ലാം ഒരു ഏകീകൃത സമ്പ്രദായം നടപ്പിലാക്കുന്നതിന് മുൻകയ്യെടുക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | പ്രസ്തുത സ്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. സ്കൂളുകളെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

Hadeene

സെക്ഷൻ ഓഫീസർ

sd/-